A1/76/2025-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംഗീത നാടക അക്കാദമിയിൽ പ്രൊജക്റ്റ് അസിസ്റ്റന്റുമാരായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. ജയകൃഷ്ണൻ ജി., ശ്രീ. രജി പ്രസാദ് എന്നിവരുടെ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.324/2025/CLAD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം. 520/2022/സാം.കാ.വ. തീയതി 13.09.2022

2. സ.ഉ.(സാധാ)നം. 633/2022/സാം.കാ.വ. തീയതി 03.11.2022

3. സ.ഉ.(സാധാ)നം. 391/2024/സാം.കാ.വ. തീയതി 22.07.2024

4. കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ 07.03.2025 ലെ എ1/0705/2022 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംഗീത നാടക അക്കാദമിയിൽ ശ്രീ. ജയകൃഷ്ണൻ ജി., ശ്രീ. രജി പ്രസാദ് എന്നിവരെ പ്രൊജക്റ്റ് അസിസ്റ്റന്റുമാരായി കരാറടിസ്ഥാനത്തിൽ നിയമിച്ച നടപടിക്ക് പരാമർശം (1) പ്രകാരവും ടിയാളുകളുടെ കരാർ കാലാവധി ഒരു വർഷത്തേക്ക് പുനക്രമീകരിച്ച നടപടിക്ക് പരാമർശം (2) പ്രകാരവും സാധൂകരണം നൽകി ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവായിരുനനു. പ്രസ്തുത കരാർ കാലാവധി യഥാക്രമം 15.03.2025,17.03.2025 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംഗീത നാടക അക്കാദമിയിൽ പ്രൊജക്റ്റ് അസിസ്റ്റന്റുമാരായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. ജയകൃഷ്ണൻ ജി., ശ്രീ. രജി പ്രസാദ് എന്നിവരുടെ കരാർ കാലാവധി യഥാക്രമം 13.03.2025, 14.03.2025 എന്നീ തീയതികളിൽ അവസാനിച്ച സാഹചര്യത്തിൽ, കരാർ ദിവസ വേതനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധനവകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതുമാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്തുവാൻ യാതൊരു അവകാശ വാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തി, ഒരു ദിവസത്തെ ബ്രേക്ക് നൽകി ശ്രീ. ജയകൃഷ്ണൻ ജി യുടെ കരാർ കാലാവധി 15.03.2025 മുതൽ 14.03.2026 വരെയും, ശ്രീ. രജി പ്രസാദ് ന്റെ കരാർ കാലാവധി ഒരു ദിവസത്തെ ബ്രേക്കും അവധി ദിവസവും ഒഴിവാക്കി 17.03.2025 മുതൽ 16.03.2026 വരെയും ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (2736586/EDN-C3/100/2024-FIN dated 24.04.2025
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 06-06-2025 16:49:18